**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97** **04-07-2022 - ൽ മറുപടിയ്ക്ക്**

**കുളിമാട് പാലം തകർന്ന സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണത്തിലിരിക്കെ തകർന്ന കുളിമാട് പാലത്തിന്റെ ബീമുകൾ സ്ഥാപിക്കുമ്പോൾ പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ സ്ഥലത്തുണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | പദ്ധതിയുടെ നിർമ്മാണചുമതലയുള്ള കോഴിക്കോട് KRFB-PMU യുടെ സൈറ്റ് സൂപ്പർവൈസർ സ്ഥലത്തുണ്ടായിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സംഭവസമയത്ത് ഉണ്ടായിരുന്നില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ മുൻകൂർ അനുമതിയോടെ ആകസ്മിക അവധിയിലായിരുന്നു. |
| (ബി) | ബീമുകൾ സ്ഥാപിക്കുമ്പോൾ പദ്ധതിയുടെ ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറോ അസിസ്റ്റന്റ് എൻജിനീയറോ സ്ഥലത്തുണ്ടാകണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; | (ബി) | പ്രധാനപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന സമയത്ത് ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സൈറ്റിൽ ഉണ്ടാവണം എന്നും അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ സൂക്ഷമമായി നിരീക്ഷിക്കണമെന്നും പി.ഡബ്ല്യു.ഡി. മാനുവലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (സി) | കരാറുകാരായ ഏജൻസിയുടെ ജീവനക്കാർ മാത്രമാണ് ബീമുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സുപ്രധാന ജോലികൾ നടക്കുമ്പോൾ സ്ഥലത്ത് ഉണ്ടായിരുന്നുള്ളൂ എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | കരാർ കമ്പനിയുടെ ജീവനക്കാരെ കൂടാതെ KRFB-PMU വിന്റെ സൈറ്റ് സൂപ്പർവൈസർ സ്ഥലത്തുണ്ടായിരുന്നു. സുപ്രധാന ജോലികൾ നടക്കുമ്പോൾ നിർമ്മാണ ചുമതലയുള്ള മറ്റു ഉദ്യോഗസ്ഥർ സ്ഥലത്തില്ലാത്തത് ഗൗരവമായിതന്നെ കാണുന്നുണ്ട്. പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന് അവധി അനുവദിക്കുമ്പോൾ പകരം ക്രമീകരണം ഏർപ്പെടുത്താത്തതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറോട്ടും പൂർണ്ണമായ മേൽനോട്ടത്തിൽ വീഴ്ച വരുത്തിയതിന് അസിസ്റ്റന്റ് എഞ്ചിനീയറോട്ടും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പാലത്തിന്റെ സുപ്രധാന പ്രവൃത്തി നടക്കുമ്പോൾ ഉത്തരവാദപ്പെട്ട പൊതുമരാമത്ത് ഉദ്യോഗസ്ഥർ സ്ഥലത്തില്ലാത്തത് വീഴ്ചയായി കണക്കാക്കി | (ഡി) | കരാർ കമ്പനിയുടെ ജീവനക്കാരെ കൂടാതെ KRFB-PMU വിന്റെ സൈറ്റ് സൂപ്പർവൈസർ സ്ഥലത്തുണ്ടായിരുന്നു. സുപ്രധാന ജോലികൾ |

| | | | |
|---|---|---|---|
| | ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | | നടക്കുമ്പോൾ നിർമ്മാണ ചുമതലയുള്ള മറ്റു ഉദ്യോഗസ്ഥർ സ്ഥലത്തില്ലാത്തത് ഗൗരവമായിതന്നെ കാണുന്നുണ്ട്. പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന് അവധി അനുവദിക്കുമ്പോൾ പകരം ക്രമീകരണം ഏർപ്പെടുത്താത്തതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറോടും പൂർണ്ണമായ മേൽനോട്ടത്തിൽ വീഴ്ച വരുത്തിയതിന് അസിസ്റ്റന്റ് എഞ്ചിനീയറോടും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ